ctabudarr@gmail.com
അബൂദർറ് എടയൂർ



# രാത്രി നമസ്കാരം ഏറെ പുണ്യകരം

عَنْ أَبِي أُمَامَةَ الْبَاهِلِيِّ، عَنْ رَسُولِ اللَّهِ ﷺ، قَالَ: عَلَيْكُمْ بِقِيَامِ اللَّيلِ فَإِنَّهُ دَأَبُ الصَّالِحِينَ قَبْلَكُمْ، وَهُوَ قُرْبَةٌ لَكُمْ إِلَى رَبِّكُمْ، وَمَكْفِرَةٌ لِلسَّيِّئَاتِ، وَمَنْهَاةٌ عَنِ الْإِثْمِ

അബൂഉമാമതുൽ ബാഹിലിയിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: നിങ്ങൾ രാത്രിനമസ്കാരം മുറുകെ പിടിക്കുക. അത് നിങ്ങൾക്ക് മുമ്പുള്ള സജ്ജനങ്ങളുടെ സമ്പ്രദായവും നിങ്ങളുടെ രക്ഷിതാവിലേക്ക് നിങ്ങളെ അടുപ്പിക്കുന്ന മാധ്യമവും പാപമോചനത്തിനുള്ള നിമിത്തവും കുറ്റകൃത്യങ്ങളിൽ നിന്ന് തടയുന്ന കർമവുമാകുന്നു (ഹാകിം).

പുണ്യകർമങ്ങളിൽ പ്രമുഖ സ്ഥാനമുള്ള ഒന്നാണ് രാത്രി നമസ്കാരം. റമദാനിൽ അതിന് സവിശേഷ പ്രാധാന്യമുണ്ട്. അബൂഹുറയ്റ(റ) പറയുന്നു: റസൂൽ(സ) റമദാനിലെ രാത്രി നമസ്കാരത്തിന് കൂടുതൽ പ്രോത്സാഹനം നൽകിയിരുന്നു. നിർബന്ധമായി ശാസിക്കുമായിരുന്നില്ല. അവിടുന്ന് പറയും: “റമദാൻ മാസത്തിൽ വിശ്വാസപൂർവം പ്രതിഫലേച്ഛയോടു കൂടി നമസ്കരിക്കുന്നവർക്ക് കഴിഞ്ഞകാല പാപം പൊറുത്തുകിട്ടും” (മുസ്‌ലിം).

രാത്രിനമസ്കാരത്തിന് വ്യത്യസ്ത പേരുകളുണ്ട്. രാത്രിയിൽ നമസ്കരിക്കപ്പെടുന്നതുകൊണ്ട് ഖിയാമുല്ലൈൽ എന്നും റമദാനിൽ നിർവഹിക്കപ്പെടുന്നതുകൊണ്ട് ഖിയാമു റമദാൻ എന്നും രാത്രി അൽപം ഉറങ്ങിയ ശേഷം എഴുന്നേറ്റു നമസ്കരിക്കുന്നതുകൊണ്ട് തഹജ്ജുദ് എന്നും ഒറ്റയായി അവസാനിപ്പിക്കുന്നതുകൊണ്ട് വിത്ർ എന്നും ഇടക്ക് വിശ്രമിക്കുന്നതുകൊണ്ട് തറാവീഹ് എന്നും അത് അറിയപ്പെടുന്നു.

തർവീഹത്തിന്റെ ബഹുവചനമാണ് തറാവീഹ്. അത് സംഘടിതമായി നിർവഹിക്കാവുന്നതാണ്. ആഇശ(റ) തന്നോട് പറഞ്ഞതായി ഉർവ(റ) പറഞ്ഞു: ഒരു പാതിരാവിൽ നബി(സ) പള്ളിയിൽ വെച്ച് നമസ്കരിച്ചു. നബി(സ)യുടെ നമസ്കാരത്തെ തുടർന്ന് ചിലയാളുകളും നമസ്കരിച്ചു. നേരം പുലർന്നപ്പോൾ അത് ചർച്ചാവിഷയമായി. അന്ന് രാത്രി കൂടുതൽ പേർ സംഘടിച്ചു. അന്നും നബി(സ) വന്നു. അവരൊക്കെയും നബിയുടെ നമസ്കാരത്തെ തുടർന്ന് നമസ്കരിച്ചു. പ്രഭാതമായി. അന്നും ആളുകൾക്കിടയിൽ അത് സംസാരവിഷയമായി. അങ്ങനെ മൂന്നാമത്തെ രാത്രി പിന്നെയും പള്ളിയിൽ ജനം വർധിച്ചു. അന്നും നബി(സ) വന്നു. അവരെല്ലാം നബിയെ തുടർന്ന് നമസ്കരിച്ചു. നാലാമത്തെ രാത്രി പള്ളി നിറഞ്ഞുകവിഞ്ഞു. എന്നാൽ നബി(സ) നമസ്കാരത്തിനായി എത്തിയില്ല. ചിലർ നമസ്കാരം എന്ന് വിളിച്ചുപറഞ്ഞുതുടങ്ങി. എന്നിട്ടും നബി(സ) ചെന്നില്ല. പ്രഭാത നമസ്കാരത്തിനാണ് നബി(സ) ചെന്നത്. നമസ്കാരാനന്തരം അവിടുന്ന് ജനങ്ങളെ അഭിമുഖികരിച്ചു. ശഹാദത്ത് ചൊല്ലിയശേഷം പറഞ്ഞു: കഴിഞ്ഞ രാത്രിയിലെ നിങ്ങളുടെ കാര്യം ഞാൻ അറിയാതെയല്ല. രാത്രി നമസ്കാരം നിർബന്ധമാവുകയും നിങ്ങൾക്ക് അത് നിർവഹിക്കാൻ കഴിയാതെ പോവുകയും ചെയ്തേക്കുമോ എന്ന് ആശങ്കിച്ചതാണ് ഞാൻ വരാതിരിക്കാൻ കാരണം (മുസ്‌ലിം).

നബി(സ) ഇഅ്തികാഫ് അനുഷ്ഠിച്ചുകൊണ്ടിരിക്കെ റമദാൻ 23, 25, 27 തീയതികളിലാണ് ഈ ജമാഅത്ത് നമസ്കാരം നടന്നതെന്ന് വിവിധ ഹദീസുകളിൽ കാണാം. നബി(സ) സഹാബികളോട് രാത്രിനമസ്കാരം വീട്ടിൽ ചെന്ന് നമസ്കരിക്കാൻ നിർദേശിക്കുകയും സുന്നത്ത് നമസ്കാരങ്ങൾ വീട്ടിൽ വെച്ച് നിർവഹിക്കുന്നതാണ് കൂടുതൽ ശ്രേഷ്ഠകരമെന്ന് പ്രസ്താവിക്കുകയും ചെയ്തതായി ബൈഹഖി ഉദ്ധരിച്ച ഹദീസിൽ കാണാം.

പ്രവാചകന്റെ വിയോഗത്തോടെ രാത്രി നമസ്കാരം നിർബന്ധമാവുമോ എന്ന ആശങ്ക നീങ്ങി. തുടർന്ന് തറാവീഹ് ജമാഅത്തായി നിർവഹിക്കാൻ വ്യവസ്ഥാപിത സംവിധാനമൊരുക്കിയത് ഉമറാ(റ)യിരുന്നു. പ്രവാചകൻ അംഗീകരിച്ചത് പുനഃസ്ഥാപിക്കുകയായിരുന്നു അതിലൂടെ അദ്ദേഹം. പക്ഷേ ഉമർ അതിൽ പങ്കെടുത്തിരുന്നില്ല. ഒരിക്കൽ തന്റെ നടപടിയുടെ ഫലം വീക്ഷിക്കാൻ പള്ളിയിലെത്തിയ അദ്ദേഹം കൂടെയുണ്ടായിരുന്ന അബ്ദുർറഹ്മാനോട് പറഞ്ഞു: ഇതെന്തൊരു പുതുമ! പക്ഷേ ഇപ്പോൾ ഉറങ്ങുന്നതാണ് ഈ സമയത്ത് നമസ്കരിക്കുന്നതിനേക്കാൾ ഉചിതം (പാതിരാത്രി കഴിഞ്ഞ് നമസ്കരിക്കുന്നതാണ് ശ്രേഷ്ഠകരം എന്നർഥം). അക്കാലത്ത് ജനങ്ങൾ രാത്രി നേരത്തെ നമസ്കരിക്കുമായിരുന്നു (ബുഖാരി).

സ്വർഗപ്രവേശം സുഗമമാക്കുന്ന ഘടകങ്ങളിൽ ഒന്നായി പ്രവാചകൻ രാത്രി നമസ്കാരത്തെ പരിചയപ്പെടുത്തുന്നത് കാണാം. നബി(സ) പറഞ്ഞു: നിങ്ങൾ സലാം വ്യാപിപ്പിക്കുക. കുടുംബബന്ധങ്ങൾ ചേർക്കുക. മറ്റുള്ളവർക്ക് ഭക്ഷണം നൽകുക. ആളുകൾ ഉറങ്ങിക്കിടക്കവെ രാത്രിയിൽ നമസ്കരിക്കുക. എങ്കിൽ നിങ്ങൾക്ക് സമാധാനപൂർവം സ്വർഗത്തിൽ പ്രവേശിക്കാം (ഇബ്നുമാജ).

രാത്രി ഉറക്കമൊഴിച്ച് ദീർഘനേരം ഖുർആൻ പാരായണം ചെയ്ത് നമസ്ക്കരിക്കുന്നതും പാപമോചനം തേടുന്നതും ഏറെ പ്രതിഫലാർഹമാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു (അദ്ദാരിയാത്ത് 17,18/*ആലുഇംറാൻ* 17).

■